**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4124** **09-08-2021 - ൽ മറുപടിയ്ക്ക്**

**പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. കാസർഗോഡ് - 8 കണ്ണൂർ- 10+2 ഐ.ബി വയനാട്- 7 കോഴിക്കോട് - 10 മലപ്പുറം - 18 പാലക്കാട് - 14 തൃശ്ശൂർ - 9 എറണാകുളം - 16 ഇടുക്കി - 9+2 ഐ.ബി കോട്ടയം - 11 ആലപ്പുഴ – 7 പത്തനംതിട്ട – 9 (ശബരിമല ക്യാമ്പ് ഷെഡ് ഉൾപ്പെടെ) കൊല്ലം - 12 തിരുവനന്തപുരം - 9 |
| (ബി) | റസ്റ്റ് ഹൗസുകളുടെ നവീകരണത്തിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ട്. റസ്റ്റ് ഹൗസുകൾ ആധുനീകരിക്കുന്നതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ഹോസ്പിറ്റാലിറ്റി ട്രെയിനിംഗ് നൽകിവരുന്നു. റസ്റ്റ്ഹൗസ് ജീവനക്കാർക്ക് യൂണിഫോമുകൾ നടപ്പിലാക്കിയിട്ടുണ്ട്. ക്യാന്റീൻ നടത്തിപ്പിനു സൗകര്യമുള്ളിടത്തും സ്ഥലപ്രാധാന്യമുള്ളതുമായ റസ്റ്റ് ഹൗസുകളിലും ഭക്ഷണശാലകൾ ആരംഭിച്ചിട്ടുണ്ട്. റസ്റ്റ് ഹൗസും പരിസരവും മറ്റും വൃത്തിയായി നല്ല രീതിയിൽ പരിപാലിച്ചു പോരുന്നു.പൊതുജനങ്ങളുടെ സൗകര്യാർത്ഥം റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തുകയും അതിന്റെ ഭാഗമായി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗും നൽകിക്കഴിഞ്ഞു.കൂടാതെ നവീകരണ പ്രവൃത്തികൾ നടന്നുവരുന്ന റസ്റ്റ് ഹൗസുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് റസ്റ്റ് ഹൗസുകളുടെ നടത്തിപ്പിലും പ്രവർത്തനത്തിലും ലക്ഷ്യമിടുന്നത്; വ്യക്തമാക്കാമോ? | (സി) | റസ്റ്റു ഹൗസുകളുടെ നവീകരണത്തിലൂടെ താമസക്കാർക്ക് കൂടുതൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനും അതിലൂടെ വരുമാന വർദ്ധനവിനും ലക്ഷ്യമിടുന്നു. കൂടാതെ ഉന്നതനിലവാരത്തിലുള്ള റസ്റ്റ് ഹൗസുകൾ പൊതുജനങ്ങൾക്കും, ജീവനക്കാർക്കും പ്രധാന വ്യക്തികൾക്കും കുറഞ്ഞ ചിലവിൽ കൂടുതൽ |

| | | | |
|---|---|---|---|
| | | | സൗകര്യത്തോടെ താമസസൗകര്യം ഒരുക്കുകയും ചെയ്യുക എന്നതും ലക്ഷ്യമിടുന്നു. കൂടുതൽ പരിസ്ഥിതി സൗഹൃദവും ടൂറിസം വികസനത്തിന് യോജിച്ചതും എല്ലാ ജനങ്ങളേയും ആകർഷിക്കുന്ന രീതിയിലുള്ള മാറ്റങ്ങളാണ് റസ്റ്റ് ഹൗസുകളുടെ പ്രവർത്തനത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. റസ്റ്റ് ഹൗസുകൾ പുനരുദ്ധീകരിക്കുന്നതിന്റെ ഭാഗമായി 27.07.2021-ൽ മന്ത്രി തലത്തിൽ യോഗം കൂടുകയും റസ്റ്റ് ഹൗസുകളെ ഗസ്റ്റ് ഹൗസുകളിലേതിന് സമാനമായി നവീകരിക്കുന്നതിന് പദ്ധതി തയ്യാറാക്കുവാൻ തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി റസ്റ്റ് ഹൗസുകളുടെ ആധുനിക വൽക്കരണത്തിനും പരിപാലനത്തിനുമായുള്ള വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാൻ കെ.റ്റി.ഡി.സി മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

- സുൽ ത്താൻ ബത്തേരി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 390 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും പ്രവൃത്തി പുരോഗമിച്ച് കൊണ്ടിരിക്കുകയുമാണ്.

- 100.00 ലക്ഷം രൂപ അടങ്കൽ തുക വകയിരുത്തി മേപ്പാടി റസ്റ്റ് ഹൗസിന്റെ പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഒന്നാം നിലയുടെ നിർമ്മാണത്തിന് 116.00 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ പ്രവൃത്തി ടെണ്ടർ നടപടികളിലാണ്.

- കൽപറ്റ റസ്റ്റ് ഹൗസ് മോഡൽ റസ്റ്റ് ഹൗസ് ആക്കുന്നതിന് 44 ലക്ഷം രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

- മാനന്തവാടി ടി.ബി. യുടെ 85 ലക്ഷം രൂപയുടെ നവീകരണ പ്രവൃത്തി പൂർത്തീകരിച്ചു.

- മാനന്തവാടി ഐ.ബി. യുടെ നവീകരണപ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്.

- പാലക്കാട് റസ്റ്റ് ഹൗസ് മോഡൽ റസ്റ്റ് ഹൗസുകളാക്കി മാറ്റുന്നതിന് 135.80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

- തൃത്താല റസ്റ്റ് ഹൗസിന്റെ നവീകരണത്തിനായി 2018-19 വർഷത്തെ ബഡ്ജറ്റിൽ 5 കോടി രൂപ ഉൾപ്പെടുത്തി ടോക്കൺ പ്രൊവിഷനായി 100 രൂപ വകയിരുത്തിയിട്ടുള്ളതാണ്. ഇതിനായി Architectural രൂപരേഖ തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

- കാട്ടാക്കട, നെടുമങ്ങാട് റസ്റ്റ് ഹൗസുകളിൽ പുതിയ കെട്ടിടങ്ങൾക്കുള്ള നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു.

- നെയ്യാറ്റിൻകര റസ്റ്റ് ഹൗസിന്റെ രണ്ടാം നിലയുടെ പൂർത്തീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

- പൊൻമുടിയിലുള്ള പൊതുമരാമത്ത് വകുപ്പ് ക്യാമ്പ് ഷെഡ് മേഖലയിലെ ടൂറിസം വികസനത്തിനു അനുയോജ്യമായ രീതിയിൽ വികസിപ്പിക്കുന്നതിനായുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- തൃശ്ശൂർ റസ്റ്റ് ഹൗസിലെ ഹെറിറ്റേജ് ബ്ലോക്കിലെ 9,10 എന്നീ മുറികൾ വി.ഐ.പി. സൗകര്യമൊരുക്കൽ, റീടെണ്ടർ കഴിഞ്ഞ് അനന്തരനടപടികൾ നടന്നുവരുന്നു.

- കണ്ണൂർ, പയ്യന്നൂർ, റസ്റ്റ് ഹൗസുകളുടെ നവീകരണ പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

- കൂത്തുപറമ്പ് ഐ.ബി. യുടെ നവീകരണ പ്രവൃത്തി പുരോഗമിക്കുന്നു.

- കോട്ടയം, എരുമേലി, റസ്റ്റ് ഹൗസുകൾക്ക് അധിക ബ്ലോക്ക് നിർമ്മാണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

- പൊന്നാനി റസ്റ്റ് ഹൗസ് - പുതിയ കെട്ടിട നിർമ്മാണം അന്തിമ ഘട്ടത്തിലാണ്.

- വളയംകുളം റസ്റ്റ് ഹൗസിന്റെ ഇലക്ട്രിക്കൽ പ്രവൃത്തികൾ ഉൾപ്പടെയുള്ള 25 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികൾ നടന്നുവരുന്നു.

- തിരൂർ റസ്റ്റ് ഹൗസിൽ പൊതുജനങ്ങളുടെ നിരന്തരമായ ആവശ്യപ്രകാരം സർക്കാർ 5 കോടി വകയിരുത്തി. തിരൂരിൽ പഴയ ബ്ലോക്കിന് സമാന്തരമായി പുതിയ ബ്ലോക്ക് നിർമ്മാണം പൂർത്തിയായി ഉദ്ഘാടനം കഴിഞ്ഞു. പുതിയ ബ്ലോക്കിൽ CCTV ക്യാമറ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നതോടൊപ്പം ആവശ്യമായ ഫർണീച്ചറുകൾ വാങ്ങുന്നതിനുള്ള നടപടികളും അവസാന ഘട്ടത്തിലാണ്.

- കോട്ടയ്ക്കൽ റസ്റ്റ് ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നടന്നുവരുന്നു.

- എടവണ്ണ റസ്റ്റ് ഹൗസ് പരിഷ്കരിക്കുന്നതിനായി സ്പെഷ്യൽ റിപ്പയർ വർക്കുകൾ നടക്കുന്നുണ്ട്.

- അരീക്കോട് റസ്റ്റ് ഹൗസിൽ റിപ്പയർ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്.